**<u>15 -ാം കേരള നിയമസഭ</u>**

**<u>4 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2829</u>** **<u>18-03-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കണ്ണൂർ ജില്ലയിലെ ക്ഷേത്രകല അക്കാദമി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് വേണ്ടി സ്ഥലം ലഭ്യമാക്കുന്നതിനും ബൈലോ അംഗീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള സ്ഥാപനമായി രൂപീകരിക്കപ്പെട്ട് പ്രവർത്തിച്ചു വരുന്ന ക്ഷേത്രകലാ അക്കാദമിയ്ക്ക് ആസ്ഥാമന്ദിരം നിർമ്മിക്കുന്നതിന്, കണ്ണൂർ ജില്ലയിലെ ശ്രീ മാടായിക്കാവ് ഭഗവതി ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി പാട്ടത്തിന് അനുവദിക്കുന്ന വിഷയം, മലബാർ ദേവസ്വം ബോർഡിന്റെ പരിഗണനയ്ക്ക് വന്നതിൽ, ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി ക്ഷേത്രേതര ആവശ്യങ്ങൾക്ക് വിട്ടു നൽകുന്നതിന് ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ സെക്ഷൻ 29 പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരുന്നുണ്ട്. ക്ഷേത്രകലാ അക്കാദമിയുടെ നിയമാവലി അംഗീകരിക്കുന്നത് സംബന്ധിച്ച്, അക്കാദമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് ആന്റ് റഗുലേഷനുകളും 1860ലെ സൊസൈറ്റീസ് ഓഫ് രജിസ്ട്രേഷൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേകം പ്രത്യേകം തയ്യാറാക്കി സമർപ്പിക്കുവാൻ മലബാർ ദേവസ്വം കമ്മീഷണറോട് ആവശ്യപ്പെട്ടതിൻ പ്രകാരം ആയത് 15.03.2022-ൽ ബോർഡ് സർക്കാരിൽ സമർപ്പിച്ചത് സർക്കാർ പരിശോധിച്ച് വരികയാണ് |

സെക്ഷൻ ഓഫീസർ